മേലെഴുത്ത് നം. C6/15408/2020/DCE തീയതി 10.06.2020

കോമൺപൂൾ ലൈബ്രേറിയന്മാരുടെ പെൻഷൻ സംബന്ധമായ ചുമതലകൾ PRISM Software വഴി നിർവഹിക്കുന്നതിന് ഓഫിസർമാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് (26/04/2020 തീയതിയിലെ ജി.ഒ (ആർ.ടി )നം.550/2020/ ഉ.വി.വ )തിരുത്തി പുറപ്പെടുവിച്ച 09/05/2020 തീയതിയിലെ ഉന്നത വിദ്യാഭ്യാസ (എ ) വകുപ്പിന്റെ ജി.ഒ (ആർ.ടി )നം.592/ 2020 / ഉവിവ ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Approval Valid

Digitally Approved By
ഷൂജ ആർ
Date: 10.06.2020
Reason: Approved

ഒപ്പ് /-
ഷൂജ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

എല്ലാ സ്ഥാപന മേധാവികൾക്കും.

File No.HEDN-A3/85/2020-HEDN

"ഭരണഭാഷ- മാതൃഭാഷ"

19 MAY 2020

കേരള സർക്കാർ

<u>സംഗ്രഹം</u>

കോമൺപൂൾ ലൈബ്രേറിയൻമാരുടെ പെൻഷൻ സംബന്ധമായ ചുമതലകൾ PRISM Software വഴി നിർവ്വഹിക്കുന്നതിന് ഓഫീസർമാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്

G.O.(Rt) No.592/2020/HEDN തീയതി,തിരുവനന്തപുരം, 09/05/2020

---

പരാമർശം:- 26.04.2020 ലെ സ.ഉ.(സാധാ) നം. 550/2020/ഉവിവ നം. ഉത്തരവ്.

<u>ഉത്തരവ്</u>

കോമൺപൂൾ ലൈബ്രേറിയൻമാരുടെ പെൻഷൻ സംബന്ധമായ ചുമതലകൾ PRISM Software വഴി നിർവ്വഹിക്കുന്നതിനായി പെൻഷനാകുന്ന ലൈബ്രേറിയൻ ജോലി ചെയ്യുന്ന സ്ഥാപന മേധാവിയെ മേലധികാരിയായും (Head of Office ), ഉന്നത വിദ്യാഭ്യാസ (എ) വകുപ്പിന്റെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയെ പെൻഷൻ അനുവദിക്കുന്ന അധികാരിയായും (Pension Sanctioning Authority) ) നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . എന്നാൽ പ്രസ്തുത ഉത്തരവിലെ സ്ഥാപന മേധാവി എന്നത് "വകുപ്പ് തലവൻ / വകുപ്പ് മേധാവി" എന്ന് തിരുത്തി ഉത്തരവാകുന്നു.

പരാമർശത്തിലെ ഉത്തരവിൽ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു . വകുപ്പ് തലവൻ / വകുപ്പ് മേധാവികൾ ഇത് സംബന്ധിച്ച തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. USHA TITUS
PRINCIPAL SECRETARY

എല്ലാ വകുപ്പ് മേധാവികൾക്കും (വെബ്സൈറ്റ് മുഖാന്തരം)
എല്ലാ ഓഫീസ് മേധാവികൾക്കും (വെബ്സൈറ്റ് മുഖാന്തരം)
ഡയറക്ടർ ട്രഷറി വകുപ്പ് , തിരുവനന്തപുരം
എല്ലാ കോമൺപൂൾ ലൈബ്രേറിയൻമാർക്കും (വെബ്സൈറ്റ് മുഖാന്തരം)
ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ, (പ്രിസം) ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)/ (എ & ഇ), തിരുവനന്തപുരം
http://www.highereducation.kerala.gov.in/
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**File No.HEDN-A1/77/2020-HEDN**

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കോമൺ പൂൾ സർവീസ് - കോമൺ പൂൾ ലൈബ്രേറിയന്മാരുടെ പെൻഷൻ സംബന്ധമായ ചുമതലകൾ PRISM Software വഴി നിർവഹിക്കുന്നതിന് ഓഫീസർമാരെ നിയമിച്ചു കൊണ്ടുള്ള ഉത്തരവ്, ഭേദഗതി ചെയ്തുകൊണ്ട്, ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്

G.O.(Rt)No.550/2020/HEDN തീയതി,തിരുവനന്തപുരം, 26/04/2020

---

പരാമർശം:- 1. 25.08.2017 ലെ സ.ഉ (പി) നം.114/2017/Fin

2. 23.05.2019 ലെ സ.ഉ (Rt) നം.805/2019/HEdn

<u>ഉത്തരവ്</u>

പെൻഷൻ അനുബന്ധ രേഖകൾ ഓൺലൈൻ ആയി പരിശോധിച്ച് തീർപ്പാക്കുന്നതിനായി സർക്കാർ, PRISM software വികസിപ്പിച്ചിട്ടുള്ളതാണ്. അതിന്റെ ഭാഗമായി, ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിന്റെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറിയെ, മേലധികാരിയായും (Head of Office) പെൻഷൻ അനുവദിക്കുന്ന അധികാരിയായും (Pension Sanctioning Authority), സൂചന (2) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു.

എന്നാൽ സൂചന (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കോമൺ പൂൾ ലൈബ്രേറിയന്മാരുടെ പെൻഷൻ സംബന്ധമായ ചുമതലകൾ PRISM Software വഴി നിർവഹിക്കുന്നതിനായി, പെൻഷനാകുന്ന ലൈബ്രേറിയൻ ജോലി ചെയ്യുന്ന സ്ഥാപന മേധാവിയെ മേലധികാരിയായും (Head of Office), ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിന്റെ ചുമതലയിലുള്ള ജോയിന്റ് സെക്രട്ടറിയെ പെൻഷൻ അനുവദിക്കുന്ന അധികാരിയായും (Pension Sanctioning Authority) നിയമിച്ചുകൊണ്ട്, സൂചന (2) ലെ ഉത്തരവ് ഭേദഗതി ചെയ്ത്, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. USHA TITUS
PRINCIPAL SECRETARY

എല്ലാ സ്ഥാപന മേലധികാരികൾക്കും (വെബ് സൈറ്റ് മുഖാന്തരം )
ഡയറക്ടർ, ട്രഷറി വകുപ്പ് , തിരുവനന്തപുരം.
എല്ലാ കോമൺ പൂൾ ലൈബ്രേറിയന്മാർക്കും (വെബ് സൈറ്റ് മുഖാന്തരം)
ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ(PRISM)
ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ ),തിരുവനന്തപുരം

www.highereducation.kerala.gov.in.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ